**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536** **05-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ പൊതുമേഖലയിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (ബി) | ഇവയിൽ സിഡ്കോ ടൂൾ റൂം (സിഡ്കോയുടെ യൂണിറ്റ്), കേരള സോപ്പ് (കെ.എസ്.ഐ.ഇ.യുടെ യൂണിറ്റ്) എന്നിവ ലാഭത്തിൽ പ്രവർത്തിക്കുന്നു. |
| (സി) | ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ സിഡ്കോ ടൂൾ റൂം പുനരുദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സിഡ്കോയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഭാവി പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന സിഡ്കോയുടെ യൂണിറ്റായ ടൂൾ റൂമിന്റെ ആധുനികവത്ക്കരണവും നവീകരണ വിപുലീകരണ പദ്ധതികളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | പൊതുമേഖലാസ്ഥാപനം |
|---|---|
| 1. | സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡ് |
| 2. | വുഡ് വർക് ഷോപ്പ് (സിഡ്കോയുടെ യൂണിറ്റ്) |
| 3. | സിഡ്കോ ടൂൾ റൂം (സിഡ്കോയുടെ യൂണിറ്റ്) |
| 4. | ഹൈടെക് ബാംബൂ ടൈൽ ഫാക്ടറി (കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ യൂണിറ്റ്) |
| 5. | കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ, മൂടാടി (കെൽട്രോണിന്റെ യൂണിറ്റ്) |
| 6. | കേരള സോപ്സ് (കെ.എസ്.ഐ.ഇ.യുടെ യൂണിറ്റ്) |
| 7. | മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ (കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റ്) |
| 8. | ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂർ (സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിന്റെ യൂണിറ്റ്) |
| 9. | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് (നൂല് നെയ്ത്ത് കേന്ദ്രങ്ങളും ഗ്രാമവ്യവസായ യൂണിറ്റുകളും) |

Divya

സെക്ഷൻ ഓഫീസർ